IV. സബ്മിഷൻ

(1) കൊക്കകോള കമ്പനി അടച്ചുപൂട്ടണമെന്ന ആവശ്യം

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ പ്ലാച്ചിമടയിൽ പ്രവർത്തിക്കുന്ന കൊക്കകോള കമ്പനി ഉയർത്തുന്ന പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചും കൊക്കകോളയിലും മറ്റു കോള ഉല്പന്നങ്ങളിലും ഉള്ള വിഷാംശത്തെക്കുറിച്ചും ഇതിനകം തന്നെ വളരെ ശക്തമായി പ്രശ്നങ്ങൾ ഈ സഭയ്ക്കകത്തും പുറത്തും ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് Centre for Science and Environment (സി.എസ്.ഇ.) എന്ന് പറയുന്ന ഡൽഹിയിലെ സന്നദ്ധ സംഘടന നടത്തിയ പഠനത്തിൽ കോളകളിൽ കീടനാശിനിയുണ്ടെന്നും വിഷാംശം ഉണ്ടെന്നും കണ്ടെത്തുകയുണ്ടായി. ഇത് ഇൻഡ്യൻ പാർലമെന്റിൽ ശക്തമായ വിവാദമായി മാറിയപ്പോഴാണ് ഇതിനെക്കുറിച്ച് അന്വേഷിക്കാൻ ജോയിന്റ് പാർലമെന്ററി കമ്മിറ്റിയെ നിയോഗിച്ചത്. ആ ജോയിന്റ് പാർലമെന്ററി കമ്മിറ്റി 500 പേജുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കിയിരിക്കുകയാണ്. Centre for Science and Environment എന്ന് പറയുന്ന ഡൽഹിയിലെ സന്നദ്ധ സംഘടന ഇത് സംബന്ധിച്ച് കണ്ടെത്തിയ നിഗമനങ്ങൾ ഈ ജോയിന്റ് പാർലമെന്ററി കമ്മിറ്റി സ്ഥിരീകരിച്ചിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ ഒട്ടും താമസിയാതെ കൊക്കകോള കമ്പനി അടച്ചുപൂട്ടണം എന്നാണ് ബഹുമാനപ്പെട്ട സംസ്ഥാന ഗവൺമെന്റിനോട് എനിക്ക് നിർദ്ദേശിക്കാനുള്ളത്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ ഈ കാര്യത്തിൽ അടിയന്തിരമായി നടപടി സ്വീകരിക്കണമെന്നും ജോയിന്റ് പാർലമെന്ററി കമ്മിറ്റി തന്നെ ആവശ്യപ്പെട്ടിട്ടുണ്ട്. നേരത്തെ ഭൂഗർഭജലം മാത്രമല്ല, ഉപരിതലജലവും വിഷാംശം കലർന്നതായിരുന്നു. ഈ കോള കമ്പനികൾ അമിതമായി ഭൂഗർഭജലം ഊറ്റിയെടുക്കുന്നതുകൊണ്ടാണെന്ന് ഇതിനുമുമ്പ് തന്നെ പല കണ്ടെത്തലുകൾ ഉണ്ടായിട്ടുണ്ട്. കിണറുകൾ നശിപ്പിക്കുന്നു എന്ന വസ്തുത ഭൂഗർഭജല വകുപ്പുതന്നെ മുന്നോട്ടു കൊണ്ടു വന്നിട്ടുണ്ട്. കേരള സർക്കാർ നൽകിയ സാമ്പിളിനെക്കുറിച്ച് പഠനം നടത്തിയ, ബാംഗ്ലൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന. ശ്രീറാം ഇൻഡസ്ട്രിയൽ റിസർച്ച് ഫൗണ്ടേഷനും നേരത്തേ ഇത് സംബന്ധിച്ച് റിപ്പോർട്ട് നൽകിയിട്ടുള്ളതാണ്. ഭോപ്പാൽ ദുരന്തത്തേക്കാൾ ഭീകരമായ ഒരു ദുരന്തമാണ് പ്ലാച്ചിമടയിൽ കാത്തിരിക്കുന്നതെന്ന് സുപ്രസിദ്ധ ശാസ്ത്രജ്ഞനും മലയാളിയുമായ ശ്രീ. ഒ. ജി. ബി. നമ്പ്യാർ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഇതൊക്കെയായിട്ടും നമ്മുടെ സംസ്ഥാന ഗവൺമെന്റ് അനങ്ങുന്നില്ല. ആരോഗ്യ വകുപ്പ് തന്നെ നേരത്തേ പറഞ്ഞതാണ് ആരോഗ്യ വകുപ്പിനു മാത്രമായി ഒന്നും ചെയ്യാൻ കഴിയില്ലായെന്ന്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കാര്യത്തിൽ പ്രത്യേകം താൽപ്പര്യമെടുത്ത് ഉടനെ തന്നെ കൊക്കകോള കമ്പനി അടച്ചു പൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കണം. പ്ലാച്ചിമടയിലെ പെരുമാട്ടി പഞ്ചായത്ത് അവിടത്തെ ലൈസൻസ് റദ്ദ് ചെയ്തതാണ്. സംസ്ഥാന ഗവൺമെന്റിന്റെ അനങ്ങാപ്പാറ നയം കൊണ്ടാണ് ഇപ്പോഴും ഈ കൊക്കകോള കമ്പനി അവിടെ പ്രവർത്തിക്കുന്നത്. അവിടെ വളരെ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാകാൻ പോവുകയാണ്. ജെ.പി.സി. റിപ്പോർട്ടിന്റെ വെളിച്ചത്തിലെങ്കിലും അടിയന്തിരമായി നടപടി സ്വീകരിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, പ്ലാച്ചിമടയിൽ കൊക്കകോള കമ്പനിയിൽ നടത്തുന്ന പരിസ്ഥിതി പ്രശ്നത്തെക്കുറിച്ചുള്ള ജോയിന്റ് പാർലമെന്ററി കമ്മിറ്റിയുടെ റിപ്പോർട്ട് പാർലമെന്റിൽ 5-ാം തീയതി സമർപ്പിക്കും എന്നാണ് അറിയുന്നത്. ഇക്കാര്യത്തെക്കുറിച്ച് ജനങ്ങളുടെ പരാതിയും ഉത്കണ്ഠയും പൂർണ്ണമായും ഈ ഗവൺമെന്റ് ഉൾക്കൊള്ളും. അതേസമയത്ത് കീടനാശിനികളെക്കുറിച്ച് ഗവൺമെന്റിന് ലഭിച്ച റിപ്പോർട്ടുകളിൽ 76 സാമ്പിളുകൾ സംസ്ഥാനത്ത് അനലറ്റിക്കൽ ലാബ് പരിശോധിച്ചു. ഇവയിൽ ഒന്നും തന്നെ കീടനാശിനിയുടെ അംശം കണ്ടെത്തിയിട്ടില്ല. എന്നാൽ കേന്ദ്ര അംഗീകൃത ലാബോറട്ടറികളായ S.G.S. Chennai, Test House, Wintalab, Hyderabad, Sreeram Research Institute, Bangalore എന്നീ ലാബോറട്ടറികളിലും പരിശോധിക്കുകയുണ്ടായി. ഇവയിൽ ശ്രീറാം ഇൻസ്റ്റിട്യൂട്ടിൽ പരിശോധിച്ചതിൽ കൊക്കകോള സാമ്പിളിലും ടെസ്റ്റ് സാമ്പിളിലും കീടനാശിനിയുടെ അംശം ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. അനുവദനീയമായ അളവിലും നേരിയ തോതിൽ ഇന്റർനാഷണൽ സ്റ്റാന്റേർഡിൽ കൂടുതലാണ്. ഇൻഡ്യയിൽ പ്രത്യേകമായ ഒരു സ്റ്റാന്റേർഡ് നിശ്ചയിച്ചിട്ടില്ല. അങ്ങനെ സ്റ്റാന്റേർഡ് നിശ്ചയിച്ചു കഴിഞ്ഞാൽ ഈ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിനും സംസ്ഥാന ഗവൺമെന്റിനും നടപടി സ്വീകരിക്കാൻ സാധിക്കും. അതേയവസരത്തിൽ തന്നെ കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് ഇതിനെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻവേണ്ടി C.W.R.D.M.-നോട് ആവശ്യപ്പെട്ടിട്ടുണ്ട്. C.W.R.D.M. വിദഗ്ദ്ധ സമിതിയെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ആ ഡിവിഷൻ ബഞ്ചിന്റെ തീരുമാനത്തിന് വിധേയമായിട്ട് വിദഗ്ദ്ധ സമിതി റിപ്പോർട്ട് നൽകുകയും ചെയ്യും എന്നാണ് അറിയാൻ സാധിച്ചത്. ആ റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞാൽ ജെ. പി. സി.-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് ഒരു തീരുമാനം എടുത്തുകഴിഞ്ഞാൽ അല്പം പോലും മടിയില്ലാതെ ആവശ്യമായ നടപടികൾ സംസ്ഥാന ഗവൺമെന്റ് വളരെ വേഗം സ്വീകരിക്കുമെന്നും ഈ ഉത്കണ്ഠയിൽ പൂർണ്ണമായും സംസ്ഥാന ഗവൺമെന്റ് ജനങ്ങളോടൊപ്പമാണെന്നും അറിയിക്കുന്നു.

(2) സെറിഫെഡിലെ തൊഴിലാളികൾക്ക് ശമ്പളം ലഭിക്കാത്തതു സംബന്ധിച്ച്

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, കേരളത്തിലെ സെറിഫെഡിൽ ഏകദേശം മുന്നൂറോളം ആളുകൾ ജോലി ചെയ്യുകയാണ്. അടുത്ത കാലത്തായി ഇത് വളരെയധികം വളർന്നു. ധാരാളം ജോലി സാദ്ധ്യതയും ചെറുകിട കൃഷിക്കാർക്ക് കൂടുതൽ വരുമാനവും ഉണ്ടാക്കാൻ കഴിഞ്ഞ ഒരു സ്ഥാപനമാണ്. ആ മുന്നൂറോളം തൊഴിലാളികൾക്ക് കഴിഞ്ഞ ആറേഴു മാസക്കാലമായി ശമ്പളം ലഭിച്ചിട്ടില്ല. ആ തൊഴിലാളികൾ വളരെയധികം പട്ടിണിയിലും കഷ്ടപ്പാടിലുമാണ്. അതിന്റെ ഫലം, ആ സെറിഫെഡ് തന്നെ തകർന്നു പോകാനും അത് കേരളത്തിന്റെ ഗ്രാമീണ സമ്പദ്ഘടനയെ വളരെയധികം പ്രതികൂലമായി ബാധിക്കാനും ഇടയുണ്ട്. അതുകൊണ്ട് അടിയന്തിരമായി അവരുടെ ശമ്പളം കൊടുക്കാൻവേണ്ടിയുള്ള നടപടി ഗവൺമെന്റ് കൈക്കൊള്ളണമെന്നാണ് എനിക്ക് അറിയിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly